**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുകയുമാണ് ചെയ്യുന്നത് . കൂടാതെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയായ "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ" 14 ജില്ലകളിലായി നടപ്പിലാക്കിവരുന്നു. ഇതിനായി വകുപ്പിൽ നിന്നും തുകയും അനുവദിച്ച് വരുന്നുണ്ട്.<br><br>വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹരിത ചട്ടവും ശാസ്ത്രീയ മാലിന്യ സംസ്കരണവും ഉറപ്പാക്കുന്നതിനായി ടൂറിസം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഇടപെടലുകൾ ചുവടെ ചേർക്കുന്നു .<br><br>• സംസ്ഥാനത്തെ ചെറുതും വലുതുമായ 503 വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച അവസ്ഥ പഠനം നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സംയുക്ത യോഗം നടത്തി, തുടർ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു.<br>• മേൽപ്പറഞ്ഞ യോഗ തീരുമാന പ്രകാരം വിനോദ സഞ്ചാര വകുപ്പും ശുചിത്വ മിഷനും സംയുക്തമായി വിനോദ സഞ്ചാര കേന്ദ്രങ്ങൾക്കായുള്ള ശുചിത്വ മാലിന്യ പ്രോട്ടോക്കോൾ ഇറക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>• ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച രണ്ടാം ഘട്ട അവസ്ഥാപഠനം സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടന്നുവരുന്നു. നവകേരള മിഷന്റെ ഭാഗമായി ടൂറിസം വകുപ്പുമായി ചേർന്ന് ഹരിതകേരള മിഷനും ടൂറിസം മേഖലയിലെ മാലിന്യ സംസ്കരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു . മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി ഹരിതകേരളമിഷൻ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ 431 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം ഡെസ്റ്റിനേഷൻ ആയി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് ഡെസ്റ്റിനേഷനുകളിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു . |
| (ബി) | ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആയത് അടിയന്തരമായി നടപ്പിലാക്കുമോയെന്ന് അറിയിക്കുമോ; | (ബി) | എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും ഹരിത ചട്ടം പാലിച്ച് ആയതിൻ പ്രകാരമുള്ള ശുചിത്വവും വൃത്തിയും ഉണ്ടാക്കിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ടൂറിസം വകുപ്പ് സ്വീകരിച്ച് വരുന്നത്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഹരിത ചട്ടം പാലിക്കണം എന്നുള്ള നിർദ്ദേശം നിലവിലുണ്ട്. |
| (സി) | വിനോദസഞ്ചാര മേഖലകളിലെ മാലിന്യനിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (സി) | വിനോദസഞ്ചാര മേഖലകളിലെ മാലിന്യനിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് വിവിധ ടൂറിസം കേന്ദ്രങ്ങളിലായി നിരീക്ഷണം നടത്തുന്നതിനായി ടൂറിസം വകുപ്പ് , ശുചിത്വ മിഷൻ , ഹരിത കേരള മിഷൻ, LSGD ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ സെക്യൂരിറ്റികളെ നിയോഗിച്ചിട്ടുള്ളതും, നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് . ഇതോടൊപ്പം ടൂറിസം ക്ലബ്ബിന്റെ കൂടി സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ